'നിർമ്മിത ബുദ്ധി': സർഗാത്മകതയോ, സംഹാരമോ?

ആമുഖം

"നിർമ്മിത ബുദ്ധി എന്നത് മനുഷ്യരാശി കണ്ടതിൽ വച്ച് ഏറ്റവും സ്വാധീനമുള്ള ഒന്നാണ്. അത് തീയെക്കാളും വൈദ്യുതിയെക്കാളും വിപ്ലവകരമാണ്" - സുന്ദർ പിച്ചൈ

ഗൂഗിളിന്റെ സി.ഇ.ഒ സുന്ദർ പിച്ചൈയുടെ വാക്കുകൾ കണ്ടുവല്ലോ. ഇതിലൂടെ നിർമ്മിത ബുദ്ധിയുടെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നാം ഇന്ന് ജീവിക്കുന്ന ഈ കാലഘട്ടത്തിൽ നിർമ്മിത ബുദ്ധിയുടെ അനിവാര്യത പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. നിർമ്മിത ബുദ്ധി ലോകത്ത് സൃഷ്ടിച്ച മാറ്റങ്ങൾ ചെറുതല്ല. നിർമ്മിത ബുദ്ധി ഇല്ലാതെ ഒരു കാര്യവും ചെയ്യാൻ കഴിയാത്ത അവസ്ഥയാണ് നമുക്കിപ്പോൾ. ദൈനംദിന കാര്യങ്ങൾ മുതൽ സാങ്കേതിക, വ്യാവസായിക, കാർഷിക രംഗത്ത് പോലും നമുക്ക് നിർമ്മിത ബുദ്ധിയുടെ

സ്വാധീനം നമുക്ക് കാണാനായി സാധിക്കും. കൊച്ചു കുട്ടികൾ മുതൽ പ്രായമായവർ വരെ ഇപ്പോൾ നിർമ്മിത ബുദ്ധിയെ ഉപയോഗിക്കുന്നു. എല്ലാ ആളുകളും തങ്ങളുടേതായ ആവശ്യങ്ങൾക്ക് നിർമ്മിത ബുദ്ധിയെ ആശ്രയിക്കുന്നു. വിദ്യാർത്ഥികളും ഉദ്യോഗാർത്ഥികളുമാണ് നിർമ്മിത ബുദ്ധിയെ കൂടുതലായും പ്രയോജനപ്പെടുത്തുന്നത്. ഇങ്ങനെ എല്ലാ കാര്യങ്ങൾക്കു വേണ്ടിയും നിർമ്മിത ബുദ്ധിയെ ഉപയോഗപ്പെടുത്തുമ്പോൾ നാം ഒന്നാലോചിക്കേണ്ടതുണ്ട്. സുന്ദർ പിച്ചൈയുടെ വാക്കുകൾ പോലെ മനുഷ്യരാശി കണ്ടെത്തിയതിൽ വച്ച് ഏറ്റവും പ്രാധാന്യമേറിയ ഒന്നാണ് നിർമ്മിത ബുദ്ധി. എന്നാൽ എ.ഐ.യുടെ ഈ അമിത ഉപയോഗം നമുക്ക് നല്ലതാണോ? കാരണം, നിർമ്മിത ബുദ്ധിയെക്കാളും എത്രയോ മടങ്ങ് ബുദ്ധിയെക്കൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നവരാണ് മനുഷ്യർ. നിർമ്മിത ബുദ്ധി സർഗാത്മകതയാണോ സംഹാരമാണോ എന്ന് നമുക്ക് നോക്കാം.

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

# നിർമ്മിത ബുദ്ധിയുടെ പ്രാധാന്യം : ഇന്നത്തെ കാലഘട്ടത്തിൽ

1900 ആണ്ടിലാണ് നിർമ്മിത ബുദ്ധിയുടെ ഉത്ഭവം. എങ്കിലും നിർമ്മിത ബുദ്ധി കൂടുതൽ പ്രചാരം നേടിയത് ഈ കാലഘട്ടത്തിലാണ്. കാരണം, മനുഷ്യൻ കൂടുതലായി സാങ്കേതിക വിദ്യയെ ഉപയോഗിക്കാൻ ആരംഭിച്ചത് ഇപ്പോഴാണ്. മൊബൈലിലൂടെയും, കമ്പ്യൂട്ടറിലൂടെയുമെല്ലാം നാം നിർമ്മിത ബുദ്ധിയെ ഉപയോഗിക്കുന്നു. പുതിയ പുതിയ സാങ്കേതിക വിദ്യകൾ ഇപ്പോൾ ഉത്ഭവിക്കുന്നു. നമുക്ക് മൊബൈലിലൂടെ എന്തെല്ലാമാണ് ഇന്ന് ചെയ്യാൻ സാധിക്കുന്നത്. ശിലായുഗത്തിൽ നിന്ന് ഈയൊരു കാലഘട്ടത്തിൽ എത്തി നിൽക്കുമ്പോൾ നമുക്ക് നിർമ്മിത ബുദ്ധി ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. നമ്മുടെ ~~രാജ്യത്തെ~~ ലോകത്തിലെ എല്ലാ മേഖലകളിലും നിർമ്മിത ബുദ്ധിയുടെ കടന്നുകയറ്റം നമുക്ക് കാണാൻ സാധിക്കും.

വിദ്യാഭ്യാസ മേഖലയിൽ, വ്യാവസായിക മേഖലയിൽ, കാർഷിക മേഖലയിൽ, ഡിജിറ്റൽ മേഖലയിൽ എന്ന് തുടങ്ങി അനവധി മേഖലകളിൽ നമുക്ക് നിർമ്മിത ബുദ്ധി അത്ഭുതകരമായ സ്വാധീനം കാണാനായി സാധിക്കും.

ഇപ്പോൾ നമുക്ക് കാണാൻ സാധിക്കുന്ന ഒരു കാര്യമാണ്, പ്രവർത്തന മേഖലയിലെ എല്ലാ വിഭാഗങ്ങളിലും നിർമ്മിത ബുദ്ധിയുടെ ആവശ്യകത. പണ്ട് കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ആളുകൾക്ക് മാത്രമായിരുന്നു നിർമ്മിത ബുദ്ധിയെ കുറിച്ച് പഠിക്കേണ്ടതിന്റെ ആവശ്യകത. എന്നാൽ ഇന്ന് അങ്ങനെയല്ല. നാം കണ്ടെത്തുന്ന ഏത് ജോലി മേഖലയാണെങ്കിലും അവിടെയെല്ലാം നിർമ്മിത ബുദ്ധിയെ കുറിച്ച് പഠിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചിരിക്കുകയാണ്. നിർമ്മിത ബുദ്ധി നമ്മുടെ ജീവിത രീതി തന്നെ മാറ്റിമറിച്ചുവെങ്കിലും അവയ്ക്കും ഒരു മറുവശമുണ്ട്. അതെന്താണെന്ന് നമുക്ക്

നോക്കാം.

നിർമ്മിത ബുദ്ധി : ഗുണങ്ങളും ദോഷങ്ങളും

നാം ഇപ്പോൾ കടന്നുകൊണ്ടിരിക്കുന്നത് ഒരു എ.ഐ. യുഗത്തിലേക്കാണ്. നിർമ്മിത ബുദ്ധിയെ ഒരു ഭാവിയുടെ ലോകമായി നമുക്ക് കണക്കാക്കാം. ഇനി വരാൻ പോകുന്ന നിർമ്മിത ബുദ്ധിയുടെ കണ്ടുപിടുത്തങ്ങളെ നമുക്ക് പ്രവചിക്കാൻ പോലും സാധിക്കുകയില്ല. 2050 എത്തുമ്പോൾ നമ്മുടെ രാജ്യത്തെ കുറിച്ച് ഒന്ന് ചിന്തിച്ച് നോക്കൂ. എവിടെ നോക്കിയാലും എ.ഐ. നമുക്ക് കാണാൻ കഴിയും. പറക്കുന്ന കാറുകളായും, പലതരം റോബോട്ടുകളായും, സാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്തിയിരിക്കുന്നതായി നമുക്ക് കാണാൻ കഴിയും.

എന്നാൽ, ഗുണങ്ങൾ ഏറെയുള്ള നിർമ്മിത ബുദ്ധിയ്ക്ക് പലതരം ദോഷങ്ങളുമുണ്ട്. ആദ്യം നമുക്കവയുടെ ഗുണങ്ങൾ എന്തൊ

ക്കെയാണെന്ന് കണ്ടെത്താം.

മെഷീൻ ലേണിങ്ങിലൂടെയും പലതരം
പുത്തൻ കണ്ടുപിടുത്തങ്ങളിലൂടെയും
മുന്നേറിക്കൊണ്ടിരിക്കുകയാണ് നിർമ്മിത
ബുദ്ധി.
വിദ്യാർത്ഥികൾക്ക് പഠനം എളുപ്പമാക്കാൻ
നിർമ്മിത ബുദ്ധി സഹായിക്കുന്നു. കൂടാതെ
പല തരത്തിലുള്ള എ.ഐ വീഡിയോസി-
ലൂടെയും പഠിക്കാൻ സാധിക്കുന്നു.
ഏത് സംശയമുണ്ടെങ്കിലും അതിന് ഉത്തരം
നൽകാൻ ഇന്ന് നമുക്കിടയിൽ എ.ഐ
ഉണ്ട്. ഗൂഗിൾ ജെമിനി, ചാറ്റ് ജി.പി.ടി,
ഗ്രോക്ക്, പെർപ്ലെക്സിറ്റി തുടങ്ങിയ
എ.ഐ ചാറ്റ് ബോട്ടുകൾ നമുക്കിടയിൽ
വലിയ രീതിയിൽ തന്നെ പ്രചാരം നേടി-
യവയാണ്. ഇവയിലൂടെയാണ് നാം ഇപ്പോൾ
അറിവുകൾ നേടുന്നത്. ഏത് കാര്യത്തെ
കുറിച്ചും അറിവ് നേടുന്നതിൽ ഒരു പ്രയാ-
സവുമില്ല. കൂടാതെ, അധ്യാപകർക്കും
നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തി

പഠനം എളുപ്പമാക്കാൻ സാധിക്കുന്നു.
വീഡിയോ എഡിറ്റിംഗ്, പോസ്റ്റർ
നിർമ്മാണം, എന്തിന് ഇ-മെയിൽ എഴുതാനും
നമുക്ക് വന്ന മെസേജിന് റിപ്ലൈ കൊടു-
ക്കാൻ പോലും നിർമ്മിത ബുദ്ധി സഹായി-
ക്കുന്നു. കാർഷിക മേഖലയിൽ സസ്യങ്ങൾക്ക്,
എന്തിന് മണ്ണിന് പോലും എന്തെങ്കിലും
കുഴപ്പമുണ്ടോ എന്ന് കണ്ടെത്താൻ നിർമ്മിത
ബുദ്ധി സഹായിക്കുന്നു. വ്യാവസായിക
രംഗത്ത് ഇപ്പോൾ കൂടുതൽ പ്രചാരത്തി-
ലുള്ളത് ഡിജിറ്റൽ മാർക്കറ്റിംഗ് ആണ്.
കാരണം, ആളുകൾ കൂടുതൽ സമയം
ചിലവഴിക്കുന്നത് മൊബൈലിലാണ്. അതുവഴി
മാർക്കറ്റിംഗ് ചെയ്യുന്നതാണ് എളുപ്പം.
കൂടാതെ, പുതിയ തരം മെഷീൻ ഉണ്ടാക്കു-
ന്നതിന് നിർമ്മിത ബുദ്ധി സഹായിക്കുന്നു.
നമുക്ക് വേണ്ട എല്ലാ ആവശ്യങ്ങളും
നിറവേറ്റാൻ നിർമ്മിത ബുദ്ധി നമുക്കരികി-
ലുണ്ട്.

അടുത്തതായി നിർമ്മിത ബുദ്ധിയുടെ
ദോഷങ്ങളെപ്പറ്റി നമുക്ക് ചർച്ച ചെയ്യാം.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

"മനുഷ്യരുടെ കഷ്ടതകൾ കുറയ്ക്കുക എന്നതായിരിക്കണം ശാസ്ത്രത്തിന്റെ പരമമായ ലക്ഷ്യം".

-ആൽബർട്ട് ഐൻസ്റ്റീൻ

മനുഷ്യന്റെ കഷ്ടതകൾ കുറയ്ക്കുന്നതിനു വേണ്ടിയാണ് ശാസ്ത്രം പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നത്. പക്ഷേ ഇന്ന് നമുക്ക് കഷ്ടതകൾ മാറ്റാൻ വേണ്ടി മാത്രമുള്ള ഒരു ഉപകരണമല്ല നിർമ്മിത ബുദ്ധി. എന്തിനും ഏതിനും നാം നിർമ്മിത ബുദ്ധിയെ ആശ്രയിക്കുന്നു. തങ്ങളുടെ ശേഷി എന്താണെന്ന് തിരിച്ചറിയാതെ എല്ലാം നിർമ്മിത ബുദ്ധിയെ കൊണ്ട് ചെയ്യിപ്പിക്കുന്നു.

വിദ്യാർത്ഥികൾ തങ്ങളുടെ ഹോംവർക്ക്, അസൈൻമെന്റ് മുതലായവ ചെയ്യാൻ നിർമ്മിത ബുദ്ധിയെ ആശ്രയിക്കുന്നു. ഈ കാലഘട്ടത്തിൽ ഇത്രയും വിജ്ഞാനം നൽകുന്ന ഒരു സാങ്കേതിക വിദ്യ ഉണ്ടായിട്ട് അത് ഉപയോഗിക്കരുത് എന്നല്ല. നമുക്ക് സ്വന്തമായി ചെയ്യാൻ കഴിയുന്ന ചെറിയ ഒരു ചോദ്യം.

തിയ്യതി.....................
64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

പോലും നാം നിർമ്മിത ബുദ്ധിയോട് ചോദിക്കുന്നു. ഇത് തെറ്റായ ഒരു പ്രവണതയാണ്. തനിക്ക് സ്വന്തമായി ചെയ്യാൻ കഴിയുന്ന ഒരു കാര്യം നിർമ്മിത ബുദ്ധിയെ കൊണ്ട് ചെയ്യിപ്പിക്കുക. ഇത് നിർമ്മിത ബുദ്ധിയുടെ ഒരു ദോഷമാണ്.

അടുത്തതായി, നിർമ്മിത ബുദ്ധി കാരണം പല പ്രവർത്തന മേഖലകളിൽ തൊഴിൽ നഷ്ടം ഉണ്ടാവാൻ കാരണമാകും. ഓട്ടോമേഷൻ, മെഷീൻ ഉപയോഗം എന്നിവയുടെ സ്വാധീനം മൂലം പല ജോലി മേഖലകളിലെയും ആളുകൾക്ക് ജോലി നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഇപ്പോൾ എല്ലാ കാര്യങ്ങളും നിർമ്മിത ബുദ്ധി മുഖേന ആയതുകൊണ്ട് മനുഷ്യന്റെ ഉപയോഗം കുറയാൻ സാധ്യതയുണ്ട്. എല്ലാം മെഷീനുകൾ ചെയ്തോളും. ഇനി വരാൻ പോകുന്ന കാലഘട്ടത്തിൽ നമുക്ക് ഈ ലോകം നഷ്ടപ്പെട്ടേക്കാം. മെഷീനുകളും റോബോട്ടുകളും ഭരിക്കുന്ന ഒരു ലോകമായി ഇത് മാറും.

തിരുത്തി................... 64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

കൂടാതെ, നമ്മുടെ എല്ലാ വിവരങ്ങളും ഇപ്പോൾ എ.ഐ യുടെ കൈപ്പിടിയിൽ ഉണ്ട്. അതിനാൽ സൈബർ സുരക്ഷ കുറയുന്നതിന് ഇത് കാരണമാകുന്നു. കൂടാതെ, ഡീപ് ഫേക്ക് പോലുള്ളവയുടെ ഉപയോഗം നമുക്ക് വലിയൊരു വിപത്തായി മാറിയേക്കാം. സൈബർ കുറ്റങ്ങൾ കൂടാൻ നിർമ്മിത ബുദ്ധി കാരണമാകും.

സാങ്കേതിക വിദ്യ സംബന്ധിച്ച ജോലികളായ ആനിമേഷൻ, എഡിറ്റിംഗ് മുതലായവ ഇപ്പോൾ നിർമ്മിത ബുദ്ധി ഇപ്പോൾ നിമിഷങ്ങൾ കൊണ്ട് ചെയ്യും. അതിനാൽ ഇനിയുള്ള കാലം നിർമ്മിത ബുദ്ധി ആയിരിക്കും എല്ലായിടത്തും. ആളുകൾക്ക് ജോലി നഷ്ടവും, ജോലി ലഭ്യതയും ഇതുവഴി സംഭവിക്കും. എല്ലാ അറിവുകളും നമ്മുടെ വിരൽത്തുമ്പിൽ ഉള്ളത് കൊണ്ട് ലോകം തന്നെ നമ്മുടെ കൈപ്പിടിയിൽ ആയതുപോലെ നമുക്ക് തോന്നും. നിർമ്മിത ബുദ്ധിയെ ദുരുപയോഗം ചെയ്യുന്നതിലൂടെ വലിയ നഷ്ടങ്ങൾ നമുക്ക് സംഭവിക്കും. നിർമ്മിത ബുദ്ധിക്ക് ഗുണങ്ങൾ ഏറെയുണ്ടെങ്കിലും.

അതിലേറെ ദോഷങ്ങളുമുണ്ട്.

നിർമ്മിത ബുദ്ധിയുടെ കൃത്യവും ഫലപ്രദവുമായ ഉപയോഗം ലോകത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. നവ കണ്ടുപിടുത്തങ്ങളിലൂടെ ലോകം മാറി മറിയും. നിർമ്മിത ബുദ്ധിയെ കൃത്യമായി ഉപയോഗിക്കാൻ നമുക്ക് സാധിക്കണം. എങ്കിൽ മാത്രമേ രാജ്യ വികസനം സാധ്യമാകൂ. ഒരു എ.ഐ തലമുറയാണ് നമ്മെ കാത്തിരിക്കുന്നത്. നിർമ്മിത ബുദ്ധിയുടെ ഉപയോഗം വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെങ്കിലും ധാരാളം വെല്ലുവിളികൾ അതിനുണ്ട്. ഇത് വികസനത്തെ തടയും. അതെന്തൊക്കെയാണെന്ന് നമുക്ക് കണ്ടെത്താം.

## നിർമ്മിത ബുദ്ധിയുടെ വെല്ലുവിളികൾ, പരിഹാര മാർഗങ്ങൾ

നിർമ്മിത ബുദ്ധി വഴി നമുക്ക് വിപ്ലവകരമായ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുമെങ്കിലും പല വെല്ലുവിളികളും ഇത് നേരിടുന്നുണ്ട്.

തിയ്യതി...................
പ്രോഗ്രാം കമ്മിറ്റി

ആദ്യത്തേത് ആളുകൾക്ക് ഡിജിറ്റൽ സാക്ഷരത കുറയുന്നതാണ്. ഇപ്പോഴത്തെ മുതിർന്നവരിൽ പലർക്കും നിർമ്മിത ബുദ്ധിയെ എങ്ങനെയെല്ലാം ഫലപ്രദമായി ഉപയോഗിക്കാം എന്നറിയില്ല. ഇത് ഡിജിറ്റൽ സാക്ഷരതയുടെ കുറവാണ്.

അടുത്തതായി ഗ്രാമീണ മേഖലകളിലേക്ക് ഇപ്പോഴും ഇന്റർനെറ്റ് സൗകര്യങ്ങൾ എത്താത്തതാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ആളുകൾക്ക് എങ്ങനെയാണ് നിർമ്മിത ബുദ്ധിയെ ഉപയോഗിക്കാൻ കഴിയുക? ഇപ്പോഴും പലർക്കും നിർമ്മിത ബുദ്ധിയെ ഉപയോഗിക്കാൻ കഴിയുന്നില്ല എന്നത് വളരെ ശോചനീയമായ അവസ്ഥയാണ്. അടുത്തത് ആളുകൾ നിർമ്മിത ബുദ്ധി ദുരുപയോഗം ചെയ്യുന്നതാണ് ഒരു പ്രധാന വെല്ലുവിളി. സൈബർ കുറ്റങ്ങൾ ചെയ്യുവാനും സമൂഹത്തിന് ദോഷകരമാം വിധം പ്രവർത്തികൾ ചെയ്യു~~ന്നതും~~വാനും നിർമ്മിത ബുദ്ധിയെ ഉപയോഗപ്പെടുത്തുന്നത് വലിയൊരു വെല്ലുവിളി തന്നെ ഉയർത്തുന്നു.

കേരള സ്കൂൾ കലോത്സവം 64-ാമത് തീയതി........ പ്രോഗ്രാം കമ്മിറ്റി

ഇതിന് പരിഹാരമായി ആളുകൾക്ക് ഡിജിറ്റൽ സാക്ഷരതയും, മീഡിയ സാക്ഷരതയും നൽകുക എന്നതാണ്. കൂടാതെ, ഗ്രാമീണ മേഖലകളിലെ ആളുകൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുവാനും നാം ശ്രദ്ധിക്കണം. ഇതുവഴി വലിയൊരു മാറ്റം തന്നെ ~~സൃഷ്ടി~~ സൃഷ്ടിക്കാൻ നമുക്ക് കഴിയും.

## നിർമ്മിത ബുദ്ധി സർഗാത്മകതയെ തകർക്കുന്നവോ?

"മനുഷ്യന്റെ സർഗാത്മകതയാണ് സൃഷ്ടിയുടെ മൂലധനം" – സ്റ്റീവ് ജോബ്സ്

ആപ്പിൾ എന്ന വലിയ ഫോൺ ബ്രാൻഡിന്റെ സ്ഥാപകനായ സ്റ്റീവ് ജോബ്സിന്റെ വാചകങ്ങൾ ശ്രദ്ധിച്ചുവല്ലോ. മനുഷ്യ നിർമ്മിതയാണ് എ.ഐ. മനുഷ്യന്റെ ബുദ്ധിയാണ് നിർമ്മിത ബുദ്ധിയെക്കാളും കഴിവുറ്റത്. എന്നാൽ നാം അത് തിരിച്ചറിയുന്നില്ല. മനുഷ്യൻ നിർമ്മിത ബുദ്ധിയെ ആശ്രയിക്കുമ്പോഴും

അറിയുന്നില്ല. മനുഷ്യബുദ്ധിയ്ക്കുമപ്പുറം ഒന്നും തന്നെ ഇല്ല എന്നത്. മനുഷ്യൻ തങ്ങളുടെ സർഗാത്മക കഴിവുകളെ മറന്ന് നിർമ്മിത ബുദ്ധിയുടെ പിറകെ പോകുന്നു. എല്ലാ കഴിവുകളും ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. അത് മറന്ന് നിർമ്മിത ബുദ്ധിയുടെ പിന്നാലെയാണ് ഇന്നത്തെ മനുഷ്യർ.

തങ്ങളുടെ സ്വന്തസിദ്ധമായ കഴിവുകളെ പുറത്തെടുക്കാൻ മനുഷ്യൻ മറക്കുന്നോ? തങ്ങളുടെ സർഗാത്മകതയെ വളർത്താൻ നിർമ്മിത ബുദ്ധിയെ ഉപയോഗിക്കാൻ നാം പഠിക്കണം. നിർമ്മിത ബുദ്ധിയാണ് എല്ലാ അറിവുകളുടേയും ഉറവിടം എന്ന് നാം ചിന്തിച്ച് തുടങ്ങിയിരിക്കുന്നു. എന്നാൽ ഒന്ന് ഓർക്കുക മനുഷ്യനാണ് നിർമ്മിത ബുദ്ധിയെ സൃഷ്ടിച്ചത്. മനുഷ്യനാണ് ഈ ലോകത്തെ നാനാവിധ കണ്ടുപിടുത്തങ്ങളുടേയും സ്രഷ്ടാവ്. ഇങ്ങനെ മനുഷ്യ സർഗാത്മകതയെ കുഴിച്ചുമൂടാൻ നാം സമ്മതിക്കരുത്. മനുഷ്യ ബുദ്ധിയാണ് എല്ലാറ്റിലും വലുത്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മനുഷ്യനില്ലായിരുന്നുവെങ്കിൽ ഈ നിർമ്മിത ബുദ്ധി ഉണ്ടാവുമായിരുന്നോ? ഈ കാണുന്നതെല്ലാം മനുഷ്യൻ തന്റെ ബുദ്ധി ഉപയോഗിച്ച് ഉണ്ടാക്കിയതാണ്. അതുകൊണ്ട് നാം ഓർക്കുക, തങ്ങളുടെ സർഗാത്മ കഴിവുകൾ പുറത്തെടുക്കാതിരിക്കരുത്. സൃഷ്ടിയുടെ മൂലധനം മനുഷ്യന്റെ സർഗാത്മകതയാണ്.

നാം നമ്മുടെ കഴിവുകളെ പോഷിപ്പിക്കാൻ നിർമ്മിത ബുദ്ധിയെ ഉപയോഗിക്കണം. മനുഷ്യൻ എങ്ങനെ നിർമ്മിത ബുദ്ധിയെ സമീപിക്കുന്നുവോ അങ്ങനെയായിരിക്കും അതിന്റെ സ്വഭാവവും. നിർമ്മിത ബുദ്ധിയെ സർഗാത്മകതയാക്കുന്നതും സംഹരിക്കാൻ കഴിവുള്ളതാക്കുന്നതും മനുഷ്യനാണ്. അതുകൊണ്ട് ലോക നന്മയ്ക്കായി നമുക്ക് നിർമ്മിത ബുദ്ധിയെ ഉപയോഗിക്കാം. ~~മനുഷ്യനായി~~ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി നമുക്ക് നിർമ്മിത ബുദ്ധിയെ ഉപയോഗിക്കാം.

കേരള സ്കൂൾ കലോത്സവം 64-ാമത്
തിയ്യതി.....................
പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ

ഉപസംഹാരം

"നിർമ്മിത ബുദ്ധി ഒരു നല്ല ഭൃത്യനാണ്, എന്നാൽ ചീത്ത യജമാനനാണ്".

നിർമ്മിത ബുദ്ധിയുടെ പ്രാധാന്യവും, ഗുണങ്ങളും വെല്ലുവിളികളും ദോഷങ്ങളുമെല്ലാം നാം കണ്ടു. ഏതൊരു കാര്യത്തെ പോലെയും ഗുണങ്ങളും ദോഷങ്ങളും ഇതിനുണ്ട്. നിർമ്മിത ബുദ്ധി നന്നായി ഉപയോഗിക്കേണ്ടതാണ് നമ്മളാണ്. എത്രയെത്ര നല്ല കാര്യങ്ങൾ നമുക്ക് നിർമ്മിത ബുദ്ധിയെ കൊണ്ട് ചെയ്യാനായി സാധിക്കും.

വരും കാലങ്ങളിൽ മനുഷ്യരെക്കാൾ കൂടുതൽ റോബോട്ടുകളായിരിക്കും ഈ ലോകത്ത്. നിർമ്മിത ബുദ്ധി എല്ലാ മേഖലകളിലും ഇടം പിടിച്ചു കഴിഞ്ഞിരിക്കും. നമ്മുടെ ജീവിതത്തിലെ ഓരോ മേഖലകളിലും എ.ഐ ഉണ്ടായിരിക്കും. ആരോഗ്യ മേഖലയിൽ രോഗ നിർണ്ണയത്തിനും ആളുകൾക്ക് ചേരുന്ന

കൃത്യമായ മരുന്ന നൽകുവാനും നിർമ്മിത ബുദ്ധിയെ നമുക്ക് ഉപയോഗിക്കാനാകും. ഗതാഗത മേഖലയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയും. പറക്കുന്ന വാഹനങ്ങൾ, തലമേലായി ഓടുന്ന ട്രെയിനുകൾ തുടങ്ങിയവ നാം എല്ലായിടത്തും സുപരിചിതമായി കാണും. മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിർമ്മിത ബുദ്ധിയുടെ സ്വാധീനം നാം കാണാനിടയാവും.

നിർമ്മിത ബുദ്ധി കൊണ്ട് ബഹിരാകാശ ടൂറിസത്തിനും രാജ്യത്തിന്റെ ബഹിരാകാശ ദൗത്യങ്ങൾക്കും മാറ്റങ്ങൾ കൊണ്ടുവരാൻ, പുതിയ തരം വിപ്ലവകരമായ കണ്ടുപിടുത്തങ്ങൾ നടത്താൻ സാധിക്കും. രാജ്യം 6G എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുമ്പോൾ എ.ഐയുടെ പ്രാധാന്യം പിന്നെ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഭക്ഷണ മേഖലയ്ക്കും നിർമ്മിത ബുദ്ധി കൊണ്ട് ഇപ്പോഴേ മാറ്റങ്ങൾ വന്നു തുടങ്ങി. സ്വന്തമായി ഭക്ഷണം ഉണ്ടാക്കുന്ന മെഷീനുകൾ എന്നിവ

64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി....................
★ പ്രോഗ്രാം കമ്മിറ്റി ★

കണ്ടുപിടിച്ച് കഴിഞ്ഞു.

എന്നാൽ നിർമ്മിത ബുദ്ധി ഉപയോഗം സമൂഹ നന്മയ്ക്കു വേണ്ടിയുള്ളതായിരിക്കണം. വ്യാജ വീഡിയോകൾ, ചിത്രങ്ങൾ എന്നിവ ഇപ്പോൾ നിർമ്മിത ബുദ്ധി കൊണ്ട് നിർ-മിച്ചത് നാം കാണുന്നു. ഇതു വലിയൊരു വെല്ലുവിളി ഉയർത്തുന്നു. ഡീപ് വേക്ക് പോലുള്ളവയുടെ ദുരുപയോഗം കൂടുന്ന ഈ സാഹചര്യത്തിൽ നിർമ്മിത ബുദ്ധിയെ നന്നായി ഉപയോഗിക്കാൻ എല്ലാവരും ഉത്സാഹിക്കുക. ഇപ്പോൾ എ. ഐ. ഏതാ-ണ് ശരിയായത് ഏതാണ് എന്ന് തിരിച്ചറി-യാനാവാത്ത അവസ്ഥയാണ്. അതുകൊണ്ട് നിർമ്മിത ബുദ്ധിയെ ലോകത്തിനു വേണ്ടി പുതിയ ടെക്നോളജികൾ വികസിപ്പി-ക്കാൻ നാം ഉപയോഗിക്കണം. നിർമ്മിത ബുദ്ധി ഒരിക്കലും മനുഷ്യ ബുദ്ധിയ്ക്ക് മുകളിലാണെന്ന് വിചാരിക്കരുത്. നമ്മുടെ കഴിവുകളെ മറച്ച് നിർമ്മിത ബുദ്ധിയെ

Item Code: 643 Participant Code: 033

ഉയർത്തരുത്:

നിർമ്മിത ബുദ്ധി കൊണ്ട് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. അതുകൊണ്ട് നിർമ്മിത ബുദ്ധിയെ നന്നായി ഉപയോഗിക്കാൻ നാം പഠിക്കണം. നിർമ്മിത ബുദ്ധിയെ നാം എങ്ങനെ ഉപയോഗിക്കുന്നു എന്നതുപോലെയിരിക്കും അതിന്റെ സ്വഭാവവും. നിർമ്മിത ബുദ്ധിയെ നല്ലതാക്കുന്നതും ചീത്തയാക്കുന്നതും നമ്മളാണ്. അതിനാൽ നിർമ്മിത ബുദ്ധി രാജ്യത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്ക് ഉപയോഗിക്കാൻ സാധിക്കട്ടെ. '2050 ലെ ഇന്ത്യ നിർമ്മിത ബുദ്ധിയാൽ നിറഞ്ഞതാവാം, പക്ഷേ മനുഷ്യന്റെ സർഗാത്മകത ആയിരിക്കണം അവയ്ക്കു മുകളിൽ'.

നിർമ്മിത ബുദ്ധിയെ ഒരിക്കലും നമ്മെ വിഴുങ്ങാൻ അനുവദിക്കരുത്. നാം നിർമ്മിത ബുദ്ധിയെ സംഹരിക്കാതെ, സർഗാത്മകതയിലേക്ക് നയിക്കണം.

ജയ് ഹിന്ദ്!

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).